# 'ദാരിദ്ര്യത്തിൽനിന്നും അടിമത്തത്തിൽനിന്നും രാജ്യത്തെ രക്ഷിക്കുക

## ജമാഅത്തെ ഇസ്‌ലാമി

**(ജമാഅത്തെ ഇസ്‌ലാമി അംഗങ്ങളുടെ അഖിലേന്ത്യാ സമ്മേളനത്തോടനുബന്ധിച്ച് 'ദാരിദ്ര്യത്തിൽനിന്നും അടിമത്തത്തിൽനിന്നും രാജ്യത്തെ രക്ഷിക്കുക' എന്ന തലക്കെട്ടിൽ നവംബർ 7ന് ദൽഹിയിൽ നടന്ന പ്രതിഷേധ സംഗമം അംഗീകരിച്ച പ്രമേയങ്ങൾ)**

### 1. ദാരിദ്ര്യവും വിലക്കയറ്റവും

രൂക്ഷമായ വിലക്കയറ്റവും തൊഴിലില്ലായ്മയും സാമ്പത്തിക നയങ്ങളിലെ അനാരോഗ്യ പ്രവണതകളും രാജ്യത്തിന് ഭീഷണി ഉയർത്തുന്നതായി ഈ സംഗമം കരുതുന്നു. കടുത്ത സാമ്പത്തിക അസമത്വത്തിലേക്കാണ് രാജ്യം കൂപ്പുകുത്തിക്കൊണ്ടിരിക്കുന്നത്. സമ്പത്തിൽ, മൊത്തത്തിൽ വർധവുണ്ടാകുമ്പോഴും പുരോഗതിയുടെ ഭാരം പേറാൻ ദരിദ്രൻ വിധിക്കപ്പെടുകയാണ്. വികസനത്തിന്റെ മെച്ചങ്ങൾ അവരിലേക്കെത്തുന്നില്ല.

കഴിഞ്ഞ കുറേ നാളുകളായി പണപ്പെരുപ്പത്തിന്റെ തോത് 10 ശതമാനത്തിൽ അധികമായി തന്നെ നിൽക്കുകയാണ്. സാധാരണയിൽ കവിഞ്ഞ മഴ ലഭിച്ചിട്ടും ഇതിനെ തടയിടാൻ സർക്കാറിനായിട്ടില്ല. ആഗോള മുതലാളിത്തത്തിന്റെ സ്വാധീന വലയത്തിൽ കുരുങ്ങി സർക്കാർ എടുക്കുന്ന തലതിരിഞ്ഞ സാമ്പത്തിക നയങ്ങളുടെ ഉപോൽപ്പന്നങ്ങളാണ് ദാരിദ്ര്യവും വിലക്കയറ്റവും എന്ന് ജമാഅത്ത് മനസ്സിലാക്കുന്നു.

സാധാരണക്കാരന് ക്ഷേമം വാഗ്ദാനം ചെയ്തുകൊണ്ടാണ് ഇപ്പോഴത്തെ കേന്ദ്രസർക്കാർ അധികാരത്തിലേറിയതെങ്കിലും മുതലാളിത്ത താൽപര്യങ്ങളെ മാത്രമാണ് അത് പരിപോഷിപ്പിക്കുന്നത്. മുതലാളിമാർക്ക് ധാരാളം നികുതിയിളവുകൾ നൽകുമ്പോൾ സാധാരണക്കാരന്റെ മുതുകിൽ പുതിയ പുതിയ നികുതികളുടെ അമിത ഭാരങ്ങളാണ് അടിച്ചേൽപിക്കപ്പെടുന്നത്. സബ്സിഡികളിൽ വെള്ളം ചേർക്കുകയും പതുക്കെ പതുക്കെ ഇല്ലാതാക്കുകയും ചെയ്യുന്നു. നഗരങ്ങളിലെ പശ്ചാത്തല സൗകര്യവികസനത്തിന് കോടികൾ ചെലവഴിക്കപ്പെടുന്നു. കോമൺവെൽത്ത് ഗെയിംസ് പോലുള്ള കെട്ടുകാഴ്ചകൾക്ക് പണം തുലച്ചുകളയുമ്പോൾ ക്ഷേമപദ്ധതികൾക്കുള്ള ഫണ്ടുകൾ മെലിഞ്ഞില്ലാതാവുകയാണ്.

കേവലം 17 ശതമാനം തുക മാത്രം അനുവദിച്ച് കൃഷിയെ പാടെ അവഗണിക്കുന്നു. വിലകൾ കുത്തനെ കയറുമ്പോഴും ഊഹക്കച്ചവടത്തെ നിയന്ത്രിക്കാൻ സർക്കാർ മെനക്കെടുന്നില്ല. കർഷകർ ആത്മഹത്യ ചെയ്യാൻ നിർബന്ധിതരാവുന്നു. കർഷകർക്ക് പലിശരഹിത വായ്പകൾ അനുവദിക്കണമെന്ന് ഈ സംഗമം ആവശ്യപ്പെടുന്നു.

സമ്പത്തിനെക്കുറിച്ച ഇസ്‌ലാമികാധ്യാപനങ്ങൾ ശ്രദ്ധിക്കാൻ രാജ്യനിവാസികളെ ജമാഅത്ത് ക്ഷണിക്കുന്നു. പലിശ, ചൂതാട്ടം, ഊഹക്കച്ചവടം, സാമ്പത്തിക തട്ടിപ്പുകൾ എന്നിവ നിഷിദ്ധമാക്കിക്കൊണ്ട് സർവർക്കും നീതിയുക്തവും ന്യായപൂർണവുമായ ഒരു സാമ്പത്തിക വ്യവസ്ഥയാണ് ഇസ്‌ലാം മുന്നോട്ട് വെക്കുന്നത്.

വേണ്ട നിയമനിർമാണങ്ങൾ നടത്തി പലിശ രഹിത ബാങ്കിംഗിന് ഇന്ത്യയിൽ അനുമതി നൽകണമെന്ന് ഈ സംഗമം ആവശ്യപ്പെടുന്നു. തെറ്റായ സാമ്പത്തിക നയങ്ങൾ തിരുത്താൻ സർക്കാർ സന്നദ്ധമാവണം. ഊഹക്കച്ചവടം നിരോധിക്കണം. എണ്ണവില നിയന്ത്രിക്കുകയും അന്യായ നികുതികൾ വെട്ടിച്ചുരുക്കുകയും വേണം. സബ്സിഡികളും ക്ഷേമഫണ്ടുകളും ഗണ്യമായി വർധിപ്പിക്കണം.

### 2. അഴിമതി

പൊതുജീവിതത്തെ കാർന്നുതിന്നും വിധം ഭീകരരൂപം പ്രാപിച്ചുകൊണ്ടിരിക്കുകയാണ് അഴിമതി. രാഷ്ട്രീയ-ഉദ്യോഗസ്ഥ-മുതലാളി വിഭാഗങ്ങൾക്കിടയിൽ പൊതുവിഭവങ്ങൾ കൊള്ളയടിക്കാൻ ഒരു അവിശുദ്ധ കൂട്ടുകെട്ട് രൂപപ്പെട്ടിരിക്കുന്നു. കാബിനറ്റ് മന്ത്രിമാർ പോലും അഴിമതി ആരോപിതരായിത്തീരുന്നു. ബഹുരാഷ്ട്ര കുത്തകകളുടെ താൽപര്യ സംരക്ഷണത്തിന് പ്രാദേശിക കമ്പനികൾ തഴയപ്പെടുന്നു. ഐ.പി.എൽ അഴിമതി പോലുള്ള സംഭവങ്ങളിൽ രാഷ്ട്രീയക്കാരും സിനിമാതാരങ്ങളും വ്യവസായികളും ഒരുപോലെ പങ്കുകാരാവുന്നു. അഴിമതി രാജ്യത്തിന്റെ മുഖ്യധാരയിൽ തന്നെയാണെന്ന് ഈ സംഭവങ്ങൾ തെളിയിക്കുന്നു. നിയമസംവിധാനം പോലും ഈ അവസ്ഥയിൽനിന്ന് മുക്തമല്ല.

പണം നൽകി പ്രസിദ്ധീകരിക്കുന്ന വാർത്തകൾ മാധ്യമരംഗത്ത് അപലപനീയമായ ഒരു പ്രതിഭാസമാണ്. അഴിമതി സാർവത്രികവും ആസൂത്രിതവുമായിത്തീർന്നിരിക്കുന്നു. ഇങ്ങനെ രാജ്യത്തെ മുഴുവൻ സംവിധാനങ്ങളും അഴിമതിക്ക് വിധേയപ്പെട്ടാൽ യാതൊരുവിധ നിയന്ത്രണവുമില്ലാത്ത വിധം നാട് സർവനാശത്തിലേക്ക് കൂപ്പുകുത്തുകയായിരിക്കും ഫലം.

മറ്റു കാരണങ്ങളോടൊപ്പം വിശേഷിച്ച് വിദ്യാഭ്യാസത്തിലും പൊതു വ്യവഹാരങ്ങളിലും പടർന്നുകയറിയ ദൈവേതരവും കേവല ഭൗതികവുമായ ലോക വീക്ഷണമാണ് ഇത്തരമൊരവസ്ഥ സൃഷ്ടിച്ചിരിക്കുന്നത്. പ്രപഞ്ചസ്രഷ്ടാവിലുള്ള ശരിയായ വിശ്വാസവും അവനോടുള്ള ഉത്തരവാദിത്തബോധവും വളർത്തിക്കൊണ്ട് മാത്രമേ ഈ അവസ്ഥയെ ചെറുക്കാനാവൂ എന്ന് ജമാഅത്തിന് ഉത്തമബോധ്യമുണ്ട്. അഴിമതി പോലുള്ള കുറ്റകൃത്യ

ങ്ങൾക്ക് മാതൃകാപരമായ ശിക്ഷ വിധിക്കുന്ന ഇസ്‌ലാമിന്റെ നിയമസംഹിതയും ഇത്തരുണത്തിൽ പ്രസക്തമാണ്.

### 3. ഭീകരപ്രവർത്തനങ്ങൾ

കഴിഞ്ഞ ഏതാനും വർഷങ്ങളിലായി രാജ്യത്ത് ഒട്ടനവധി ഭീകരപ്രവർത്തനങ്ങളും സ്ഫോടനങ്ങളും നടക്കുകയുണ്ടായി. ഇത്തരം എല്ലാ പ്രവർത്തനങ്ങളും മനുഷ്യകുലത്തിന് നേരെയുള്ള അതിക്രമങ്ങളാണ്. അന്യായമായ ഒരു കൊലപാതകം മനുഷ്യരാശിയെ മുഴുവൻ കൊന്നൊടുക്കുന്നതിന് തുല്യമാണെന്നാണ് ഖുർആന്റെ അധ്യാപനം.

യാതൊരു തെളിവും കൂടാതെ മുസ്‌ലിംകൾക്കു നേരെ ആരോപണങ്ങൾ ഉയർത്തിയാണ് സാധാരണ ഗതിയിൽ മാധ്യമങ്ങളും സർക്കാറും ഇത്തരം സംഭവങ്ങളോട് പ്രതികരിക്കുന്നത്. ഭാവനാസൃഷ്ടികളായ സംഘടനകളെ പഴിചാരി നിരപരാധികളായ നൂറുകണക്കിന് മുസ്‌ലിം ചെറുപ്പക്കാരെയാണ് തുറുങ്കിലടച്ച് പീഡിപ്പിക്കുന്നത്. ഇപ്പോൾ നടക്കുന്ന വിശദമായ അന്വേഷണങ്ങൾ, പക്ഷേ, ഹിന്ദുത്വ ബന്ധമുള്ള സംഘങ്ങളിലേക്കാണ് വിരൽ ചൂണ്ടുന്നത്. മക്ക മസ്ജിദ്, അജ്മീർ, ഗോവ, കാൺപൂർ, നാന്ദേഡ് സ്ഫോടനങ്ങളിലെല്ലാം ഈ ശക്തികൾക്ക് പേരുള്ളതായി തെളിഞ്ഞുകൊണ്ടിരിക്കുന്നു.

റിട്ടയേർഡ് പോലീസ് ഉദ്യോഗസ്ഥരും പട്ടാള ഓഫീസർമാരും വരെ ഇതിൽ കണ്ണികളാവുമ്പോൾ മുംബൈയിൽ കൊല്ലപ്പെട്ട ഹേമന്ദ് കർക്കരെയുടെ കൊലയാളികളെ പിടികൂടണമെന്ന ആവശ്യം പ്രസക്തമാണ്. ഇവയുടെയൊക്കെ അന്താരാഷ്ട്ര ബന്ധങ്ങളും വെളിച്ചത്ത് കൊണ്ടുവരേണ്ടതുണ്ട്.

ഇത്തരം അന്വേഷണങ്ങളും വെളിപ്പെടുത്തലുകളും നടന്നുകൊണ്ടിരിക്കുമ്പോഴും അനേകം മുസ്‌ലിം യുവാക്കൾ വ്യാജ കേസുകളിൽ കുടുങ്ങി അഴികൾക്കുള്ളിൽ തന്നെയാണുള്ളത്. ഇത് തികച്ചും അപലപനീയമാണ്.

എല്ലാ ഭീകര പ്രവർത്തനങ്ങളുടെയും യഥാർഥ കാരണക്കാരെ കണ്ടെത്തി ശിക്ഷിക്കണമെന്ന് ഈ സംഗമം ആവശ്യപ്പെടുന്നു. നിരപരാധികളായ മുസ്‌ലിം ചെറുപ്പക്കാരെ ഉടൻ വിട്ടയക്കണം. എല്ലാ പോലീസ് ഏറ്റുമുട്ടലുകളും അന്വേഷണ വിധേയമാക്കണം. കുറ്റവാളികളെ സംരക്ഷിക്കുകയും രാജ്യത്തെ കബളിപ്പിക്കുകയും ചെയ്ത മുഴുവൻ ഉദ്യോഗസ്ഥരെയും മാതൃകാപരമായി ശിക്ഷിക്കണം.

### 4. വിദേശനയം

ഇന്ത്യയുടെ വിദേശനയത്തിൽ വന്നുകൊണ്ടിരിക്കുന്ന കാതലായ മാറ്റങ്ങളെ ജമാഅത്ത് അപലപിക്കുന്നു. പരമ്പരാഗതമായി ധാർമികതയും ആഗോള നീതിയുമായിരുന്നു നമ്മുടെ വിദേശനയത്തിന്റെ അടിസ്ഥാനം. തദനുസാരം ഇന്ത്യ സാമ്രാജ്യത്വ വിരുദ്ധവും മർദിത ചൂഷിത വിഭാഗങ്ങളോട് അനുകമ്പാപൂർണവുമായ നിലപാടുകളാണ് ഉയർത്തിപ്പിടിച്ചിരുന്നത്. അന്താരാഷ്ട്ര തലത്തിൽ സമത്വവും ന്യായവും പ്രോത്സാഹിപ്പിക്കുന്നതിന് ഇന്ത്യ ഏറെ പോരാട്ടങ്ങൾ നടത്തിയിട്ടുണ്ട്. ദക്ഷിണാഫ്രിക്കയിലെ വംശീയ വിവേചനത്തിനെതിരെ ഇന്ത്യയുടെ നിലപാട് ഏറെ ആദരം പിടിച്ചു പറ്റിയിരുന്നു. മൂന്നാം ലോകത്തിന്റെയും നീതിയുടെയും മുന്നണിപ്പോരാളിയായി ലോകം ഇന്ത്യയെ മാനിക്കുകയും ചെയ്തിരുന്നു.

നിർഭാഗ്യകരമെന്ന് പറയട്ടെ, ആ നയങ്ങളിൽ മൗലികമായ മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. അമേരിക്കൻ സമ്മർദത്തിന് വഴങ്ങി അവരുടെ നീതിരഹിത നടപടികളെയും മൂല്യങ്ങളെയും നാം പിന്തുണക്കുകയും അതിനായി രാജ്യത്തിന്റെ സ്വാതന്ത്ര്യം വരെ പണയപ്പെടുത്തുകയും ചെയ്യുന്നു. ആണവകരാർ, ആണവ ബാധ്യതാ ബിൽ, ഇറാനെതിരായ വോട്ട് എന്നിവ അവസാനത്തെ ഉദാഹരണങ്ങളാണ്.

ഇസ്രയേലുമായി വർധിച്ചുകൊണ്ടിരിക്കുന്ന ഇന്ത്യയുടെ ബന്ധങ്ങളിൽ ജമാഅത്ത് ആശങ്ക പ്രകടിപ്പിക്കുന്നു. ഇസ്രയേലിന്റെ ഏറ്റവും വലിയ ആയുധ വിപണി ഇന്ന് ഇന്ത്യയാണ്. അവരുമായുള്ള വ്യാപാരം 25 ഇരട്ടി വർധിച്ചിരിക്കുന്നു. രഹസ്യാന്വേഷണം, സുരക്ഷ, പ്രതിരോധം എന്നീ മേഖലകളിൽ ഇസ്രയേലിനോടുള്ള വിധേയത്വം വർധിക്കുകയാണ്. അതേസമയം ഫലസ്ത്വീനിന്റെ ന്യായമായ ആവശ്യങ്ങളെ നിരാകരിക്കുന്നു. ഫലസ്ത്വീൻ വിഷയത്തിലെ ഗാന്ധിജിയുടെ പിന്തുണ പ്രശസ്തമാണ്. ഫലസ്ത്വീൻ സ്വാതന്ത്ര്യത്തെക്കുറിച്ച് മൗനം പാലിക്കുകയും ഇസ്രയേലിന്റെ അതിക്രമങ്ങൾക്കു നേരെ കണ്ണുചിമ്മുകയുമാണ് ഇന്ത്യ.

ലോകത്തുടനീളം അശാന്തിയും അരക്ഷിതാവസ്ഥയും സൃഷ്ടിക്കുന്ന അമേരിക്കൻ-ഇസ്രയേൽ നടപടികളെ ജമാഅത്ത് ശക്തമായി അപലപിക്കുന്നു. പരമ്പരാഗത വിദേശനയത്തിലേക്ക് രാജ്യം തിരിച്ചുവരണമെന്നും ജമാഅത്ത് ആവശ്യപ്പെടുന്നു.

ആഗോള നീതിയുടെയും മനുഷ്യസാഹോദര്യത്തിന്റെയും ഇസ്‌ലാമിക പാഠങ്ങൾ മാത്രമാണ് സുസ്ഥിര ശാന്തിക്ക് നിദാനം എന്ന് ജമാഅത്ത് വിശ്വസിക്കുന്നു. നീതിയുക്തവും സമത്വസുന്ദരവുമായ ലോകക്രമത്തിന് അടിത്തറ പാകുന്ന ഇസ്‌ലാമികാധ്യാപനങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കാൻ ഇത്തരുണത്തിൽ ജമാഅത്ത് ആഗ്രഹിക്കുന്നു.

### 5. ഭക്ഷ്യാധികാരം

സർക്കാർ വാഗ്ദാനം ചെയ്തതുപോലെ ഭക്ഷ്യാധികാരം നിയമാനുസൃതമാക്കേണ്ടതുണ്ട്. ഇത് സർക്കാറിന്റെ അടിസ്ഥാന ബാധ്യതയാണ്. എന്നാൽ ഇതിനെ മറികടക്കാൻ ഗവൺമെന്റ് നടത്തുന്ന കള്ളക്കളികൾ അപലപനീയമാണ്.

ദേശീയ ഉപദേശക സമിതിയുടെ നിർദേശങ്ങൾ വിഭവക്കമ്മിയുടെ പേരുപറഞ്ഞ് തള്ളിയ സർക്കാർ നടപടി ഗുരുതരമാണ്. കോമൺവെൽത്ത് ഗെയിംസിനു വേണ്ടി വിഭവങ്ങൾ വാരിക്കോരി ചെലവഴിക്കുമ്പോഴാണ് ഇതെന്ന് കൂടി ചേർത്തുവായിക്കണം.

അന്താരാഷ്ട്ര പട്ടിണി സൂചികയിൽ ആകെയുള്ള 85 രാഷ്ട്രങ്ങളിൽ ഇന്ത്യയുടെ സ്ഥാനം 64 ആണ്. ഇന്നാട്ടിലെ 70 ശതമാനം കുട്ടികളും 55 ശതമാനം സ്ത്രീകളും പോഷകാഹാരക്കുറവ് അനുഭവിക്കുന്നവരാണ്. മുതലാളിത്ത സമ്പദ്‌വ്യവസ്ഥകളിൽ പോലും ഭക്ഷ്യവിതരണത്തിൽ 5 ശതമാനം വളർച്ച നേടുമ്പോൾ 2 ശതമാനം തികയ്ക്കാൻ പോലും ഇന്ത്യക്കാവുന്നില്ല.

ദാരിദ്ര്യത്തെ നിർവചിക്കുന്ന തെറ്റായ മാനദണ്ഡങ്ങളെ ഈ സംഗമം തള്ളിക്കളയുന്നു. 11 രൂപ ദിവസ വരുമാനം ദാരിദ്ര്യരേഖയായി നിശ്ചയിക്കുകയും അതിനു മുകളിൽ വരുന്നവർക്കു ക്ഷേമപദ്ധതികൾ നിഷേധിക്കുകയും ചെയ്യുന്നത് അസംബന്ധമാണ്. ധാന്യങ്ങൾ മാത്രമാണ് ഭക്ഷണം എന്ന സർക്കാർ വാദം ബാലിശമാണ്. അരിയോ ഗോതമ്പോ കൊണ്ട് മാത്രം ഒരാൾക്കും ജീവിക്കാനാവില്ല. ഭക്ഷ്യ എണ്ണ, മണ്ണെണ്ണ, പയറുവർഗങ്ങൾ, പഞ്ചസാര തുടങ്ങിയവയും ഭക്ഷ്യ വിതരണത്തിൽ ഉൾപ്പെടുത്തണം. പൊതുവി

തരണ സമ്പ്രദായം ഏവർക്കുമായി ഭേദഗതി ചെയ്യണം. ശരാശരി വലുപ്പമുള്ള ഓരോ കുടുംബത്തിനും മാസാന്തം 35 കിലോ ധാന്യങ്ങൾ ലഭ്യമാക്കണം.

### 6. മുസ്‌ലിം വിദ്യാഭ്യാസ സ്ഥാപനങ്ങൾ

അലീഗഢ് മുസ്‌ലിം യൂനിവേഴ്സിറ്റിയും ജാമിഅ മില്ലിയ ഇസ്‌ലാമിയയും മുസ്‌ലിം ന്യൂനപക്ഷ സ്ഥാപനങ്ങളാണെന്ന് സർക്കാർ വ്യക്തമായി പ്രഖ്യാപിക്കണമെന്ന് ഈ സംഗമം ആവശ്യപ്പെടുന്നു. ഒരുവശത്ത് സർക്കാർ, മുസ്‌ലിംകളുടെ വിദ്യാഭ്യാസ പ്രശ്നങ്ങളെക്കുറിച്ച് സംസാരിക്കുകയും മറുവശത്ത് പ്രായോഗിക നടപടികൾ എടുക്കുന്നതിൽ വൈമുഖ്യം കാണിക്കുകയും ചെയ്യുന്നത് വൈരുധ്യമാണ്. ഈ കാപട്യം സർക്കാർ അവസാനിപ്പിക്കണം. മുസ്‌ലിംകളെ കബളിപ്പിക്കാനുള്ള ശ്രമം നിർത്തണം. മുസ്‌ലിം സമൂഹത്തിന്റെ ന്യായമായ ഈ ആവശ്യത്തെ പിന്തുണക്കണമെന്ന് ഈ സംഗമം ഏവരോടും ആവശ്യപ്പെടുന്നു.

### 7. ബാബരി മസ്ജിദ്

അലഹബാദ് ഹൈക്കോടതിയുടെ ലഖ്നോ ബെഞ്ചിന്റെ വിധി തീർത്തും നിർഭാഗ്യകരമാണ്. നീതിക്കും ന്യായത്തിനും പകരം വിശ്വാസത്തെ കോടതി വിധികൾക്കാധാരമാക്കുന്നത് നിയമസംവിധാനത്തിനെതിരാണ്. ഇക്കാര്യത്തിൽ ആൾ ഇന്ത്യാ മുസ്‌ലിം പേഴ്സണൽ ലോ ബോർഡിന്റെ തീരുമാനത്തെ ഈ സംഗമം പിന്തുണക്കുന്നു.

പള്ളികൾ അല്ലാഹുവിന്നുള്ളതാണ് എന്ന ഇസ്‌ലാമികാധ്യാപനത്തിന് ഈ സംഗമം അടിവരയിടുന്നു. അത് വിൽക്കാനോ, മറിച്ചു നൽകാനോ, പള്ളിയല്ലാതാക്കാനോ സാധ്യമല്ല. ഇക്കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയും ഇല്ല. ഒരു സർക്കാറിന് പള്ളി ഏറ്റെടുക്കാനാവില്ല. ചരിത്ര യാഥാർഥ്യങ്ങൾ ബാബരി മസ്ജിദ് ഒരു പള്ളിയായിരുന്നെന്ന് സംശയരഹിതമായി തെളിയിക്കുന്നുണ്ട്. പിടിച്ചെടുത്ത ഭൂമിയിലോ അമ്പലം പൊളിച്ചോ അല്ല അത് പണിതത്. അതിനാൽ 1949 ഡിസംബർ 22ന് മുമ്പ് അത് നിലനിന്നരൂപത്തിൽ, പള്ളി മുസ്‌ലിംകൾക്ക് വിട്ടുകൊടുക്കലാണ് നീതിയുടെ തേട്ടം. ■